# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3829 20/10/2016-ൽ മറുപടിയ്ക്ക്**

**തൃക്കുന്നപ്പുഴ ഇടതുരുത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം ആരംഭിച്ച ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഇടതുരുത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | എ) നബാർഡ് RIDF XVII -ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തൃക്കുന്നപ്പുഴ ഇടതുരുത്ത് പാലം (പതിയാങ്കര പാലം) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി തീർക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയും അപ്രോച്ച്റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ പാലം പ്രവൃത്തി തടസ്സപ്പെടുത്തിയതുമാണ് ടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോയത്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാർ റദ്ദ് ചെയ്യുകയും ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പുന:ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി ചെയ്യാൻ സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ടെർമിനേഷൻ ഉത്തരവ് റിവോക്ക് ചെയ്യുകയും, പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | ബി) പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ആഫീസർ